# ഭരണഭാഷ - മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം-ജീവനക്കാര്യം-Sri.Rethesh Asok . സർക്കാർ പോളിടെക്ക്നിക്ക് കോളേജ്, പെരുമ്പാവൂർ - ട്രേഡ്സ്മാൻ തസ്തികയിൽ നിന്നും ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് -പുറപ്പെടുവിക്കുന്നു.

---

ജീവനക്കാര്യം (ബി). - വിഭാഗം

നം: EB2/7977/19/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 05.10.2020

---

വായന:- 1. ഈ കാര്യാലയത്തിൽ നിന്നുള്ള 20.3.2020 ലെ ഇതേ നമ്പർ ഉത്തരവ്

2. ഈ കാര്യാലയത്തിൽ നിന്നുള്ള സർക്കുലർ നമ്പർ. ഇജി.3/34859/18 തീയതി. 14.12.2018

3. ഈ കാര്യാലയത്തിൽ നിന്നുള്ള ഉത്തരവ് നമ്പർ. ഇജി.3/8165/20 തീയതി. 11.6.2020

4. ഈ കാര്യാലയത്തിൽ നിന്നുള്ള ഉത്തരവ് നമ്പർ. ഇജി.3/13367/20 തീയതി. 22.6.2020

5. ഈ കാര്യാലയത്തിൽ നിന്നുള്ള ഉത്തരവ് നമ്പർ. ഇജി.3/21037/20 തീയതി. 27.9.2020

**ഉത്തരവ്**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ 1.1.2014 മുതൽ 31.12.2017 വരെ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് മേൽ വായന (2) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിൽ R& A/C ട്രേഡിൽ Sri.Rethesh Asok എന്ന ജീവനക്കാരൻ മാത്രമേ ഉൾപ്പെട്ടിരുന്നുള്ളൂ. തുടർന്ന് കോഴിക്കോട് ടെക്ക്നിക്കൽ ഹൈസ്കൂളിൽ ഉണ്ടായിരുന്ന ഒഴിവിൽ മേൽ വായന (1) പ്രകാരം ടിയാൾക്ക് ഉദ്യോഗക്കയറ്റവും അനുവദിച്ചിരുന്നു.

എന്നാൽ Sri.Rethesh Asok ന് മുമ്പ് പി.എസ്.സി നിയമന ശിപാർശ ലഭിച്ച് സേവനത്തിൽ പ്രവേശിച്ച മറ്റ് രണ്ട് പേർ കൂടി പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടാനുണ്ടെന്ന് കാണിച്ച് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ, മേൽ വായന (3) (4) ഉത്തരവുകൾ പ്രകാരം R& A/C ട്രേഡിലെ സീനിയോറിറ്റി ലിസ്റ്റിൽ ചില കൂട്ടിച്ചേർക്കലുകൾ വരുത്തുകയുണ്ടായി.

പ്രസ്തുത അന്തിമ സീനിയോറിറ്റി/ഗ്രഡേഷൻ ലിസ്റ്റിലും തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള കൂട്ടിച്ചേർക്കൽ ഉത്തരവുകളിലും R & A/C ട്രേഡിൽ ഉൾപ്പെടുത്തിയിരുന്നവരെല്ലാം 1.1.2018 ന് ശേഷം നിയമനം ലഭിച്ചവരാണെന്നും, അവരെ 31.12.2017 വരെ നിയമനം ലഭിച്ച ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ പിശകായി ഉൾപ്പെടുത്തിയതാണെന്നും, അതുകൊണ്ടുതന്നെ വായന (2) പ്രകാരം പുറപ്പെടുവിച്ച സീനിയോറിറ്റി/ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെടുവാൻ യോഗ്യരല്ലാ എന്നും തുടർന്ന് നടത്തിയ പരിശോധനയിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ വായന (2) (3) (4) ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ച സീനിയോറിറ്റി/ഗ്രഡേഷൻ ലിസ്റ്റിൽ R & A/C ട്രേഡ് പൂർണ്ണമായും റദ്ദ് ചെയ്തുകൊണ്ട് വായന (5) പ്രകാരം ഉത്തരവായിരിക്കുന്നു.

ഈ സാഹചര്യത്തിൽ മേൽ വായന (1) ലെ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ റദ്ദ് ചെയ്തുകൊണ്ടും Sri.Rethesh Asok നെ ട്രേഡ്സ്മാൻ തസ്തികയിലേക്ക് തന്നെ പു:നർ നിയമിച്ചുകൊണ്ടും, ഉത്തരവാകുന്നു.

Sri.Rethesh Asok നെ ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും അടിയന്തരമായി വിടുതൽ ചെയ്ത് പെരുമ്പാവൂർ സർക്കാർ പോളിടെക്ക്നിക്ക് കോളേജിൽ ഒഴിവുള്ള ട്രേഡ്സ്മാൻ തസ്തികയിൽ പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട സ്ഥാപനമേധാവികൾ സ്വീകരിക്കേണ്ടതാണ്.

ഒപ്പ് /-

Dr. Byjubai T.P
ഡയറക്ടർ (ഇൻ ചാർജ്)

പകർപ്പ്

1.Sri.Rethesh Asok
ട്രേഡ്സ്മാൻ
2.സൂപ്രണ്ട് ,ഗവ.ടെക്നിക്കൽ ഹൈസ്കൂൾ കോഴിക്കോട് (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)
3.പ്രിൻസിപ്പാൾ,ഗവ.പോളിടെക്നിക് കോളേജ് ,പെരുമ്പാവൂർ.(ഔദ്യോഗിക വെബ്സൈറ്റ് മുഖേന)
4.സൂപ്രണ്ട്, ഇജി സെക്ഷൻ
5..ഇബി 3 സെക്ഷൻ
6.ഇബി 5 സെക്ഷൻ
7.കരുതൽ/ആഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്